Philadelphia REVIVAL CHURCH
HIS FULNESS
HIS FAITH
HIS COVENANT

നവംബർ 2018

# റിവൈവൽ വോയ്സ്

റിവൈവൽ ചർച്ച് പ്രസിദ്ധീകരണം



- പാസ്റ്ററുടെ സന്ദേശം
- വചന പഠനം : സീയോൻ
- വിശ്വാസ വീരന്മാർ : ഫ്ലോറൻസ് നൈറ്റിംഗേൽ

ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും;
പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല. മത്തായി 16:18

Private Circulation Only

www.prconline.org



# പാസ്റ്ററുടെ സന്ദേശം ...

കർത്താവിൽ പ്രിയരെ,

മനുഷ്യനിർമ്മിതമായ ഒരു വർഷാവസാനത്തേക്ക് നാം സമീപിച്ചിരിക്കുന്നു.

ചില സമയങ്ങൾ (സീസൺ) തുടർന്നുകൊണ്ടേയിരിക്കും. നാം ഇപ്പോൾ ഒരു ആത്മീയ കാലഘട്ടത്തിൻറെ സമാപ്തിയിലേക്ക് വന്നിരിക്കുന്നു.

സഭ നമ്മൾക്ക് ഒരിക്കലും ഒരേ പോലെ തന്നെ ആയിരിക്കുകയില്ല; അങ്ങനെയാകുവാൻ പാടില്ല. കർത്താവിൻറെ സാന്നിധ്യം ഉള്ളിടത്ത് ദൈവത്തിൻറെ ശ്രേഷ്ഠത വർദ്ധിച്ചുകൊണ്ടേയിരിക്കണം. വചനം വളരണം, ദൈവ പ്രവർത്തികൾ വർദ്ധിക്കണം, ദൈവഹിതം നമ്മിലും നമ്മിൽ കൂടെയും നിറവേറ്റണം.

ഈ സഭയോടുള്ള ബന്ധത്തിൽ ദൈവികമായ ചലനങ്ങൾ വേഗത്തിൽ തന്നെ വരുമെന്ന് പ്രതീക്ഷിക്കുക.

പ്രിയരേ, മുന്നോട്ടുതന്നെ ഓടുക. വൻകാര്യങ്ങൾ പ്രതീക്ഷിക്കുക. വൻകാര്യങ്ങൾ ദൈവത്തിനും, ദൈവത്തിൻറെ ഈ ലോകത്തിലെ മനുഷ്യർക്കും നമ്മിൽക്കൂടെ കൊടുക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുക.

ആശംസകളോടെ,

ഷിജു നൈനാൻ
പാസ്റ്റർ, ഫിലഡൽഫിയ റിവൈവൽ ചർച്ച്.

# വചന പഠനം : സീയോൻ

(ഒക്ടോബർ ലക്കം സങ്കീർത്തനങ്ങൾ 48:12-14 തുടർച്ച)

പ്രിയരേ, പഴയനിയമ സങ്കീർത്തനപുസ്തകത്തിൽ നിന്നും സിയോൻ എന്ന പദത്തെ കുറിച്ച് നാം പഠിക്കുവാൻ ശ്രമിക്കുകയായിരുന്നുവല്ലൊ. നമുക്ക് നൽകപ്പെട്ടിരിക്കുന്ന ക്രിസ്തുവിലുള്ള പുതിയ മനുഷ്യനെയാണ് പഴയനിയമത്തിലെ സിയോൻ പ്രതിഫലിപ്പിക്കുന്നതെന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്.

ഇവിടെ സങ്കീർത്തനങ്ങൾ 48:12-14 വാക്യങ്ങളെ എഫെസ്യർ 3:18 വചനങ്ങളുമായി താരതമ്യപ്പെടുത്തി തുടർന്ന് ചിന്തിക്കാം.

സങ്കീർത്തനങ്ങൾ 48:12-14
[12] *സീയോനെ ചുറ്റിനടന്നു പ്രദക്ഷിണം ചെയ്‌വിൻ; അതിന്റെ ഗോപുരങ്ങളെ എണ്ണുവിൻ.*
[13] *വരുവാനുള്ള തലമുറയോടു അറിയിക്കേണ്ടതിന്നു അതിന്റെ കൊത്തളങ്ങളെ സൂക്ഷിച്ചു അരമനകളെ നടന്നു നോക്കുവിൻ.*
[14] *ഈ ദൈവം എന്നും എന്നേക്കും നമ്മുടെ ദൈവമാകുന്നു; അവൻ നമ്മെ ജീവപര്യന്തം വഴിനടത്തും.*

*എഫെസ്യർ 3:18 നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും*

ഈ രണ്ടു വാക്യങ്ങളും നമ്മിലെ ഉൾനട്ട മനുഷ്യനെക്കുറിച്ച് പഠിക്കുന്നതിന് കാരണം ആയിത്തീരട്ടെ. ദൈവസൃഷ്ടിയുടെ മനോഹാരിതയെ പ്രതിഫലിപ്പിക്കുന്നതിനത്രേ പഴയനിയമത്തിലെ വചനം ഉപയോഗിച്ചിരി ക്കുന്നത്. നാം ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നതെന്താണെന്നാണ് സങ്കീർത്തനങ്ങൾ 48:12-14 കാണുന്നത്, എന്നാൽ നമ്മിലെ ഉൾനട്ട മനുഷ്യനെയും നമ്മുടെ ആത്മീയ ജീവിതത്തെയും കുറിച്ച് നാം ചെയ്യേണ്ടതെന്ന് എഫെസ്യർ 3:16-19 വാക്യങ്ങൾ വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക.

*എഫെസ്യർ 3:16 – 19*
[16]*അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന്നു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിന്നും*
[17]*ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി*
[18]*വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും*
[19]*പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു.*

ഇതിലെ ആശയം വ്യക്തമാക്കട്ടെ;
1. തൻറെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, നമ്മിൽ ഉൾനട്ട മനുഷ്യനെ തൻറെ ആത്മാവിനാൽ ശക്തീകരിക്കുന്നു.
2. വിശ്വാസത്താൽ ക്രിസ്തു നമ്മുടെ ഉള്ളിൽ വസിക്കുന്നു.
 1). സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും, നീളവും, ഉയരവും, ആഴവും എന്തെന്ന് വിശുദ്ധന്മാരോടുകൂടെ ഗ്രഹിക്കണം
 2). പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയു വാനും, ദൈവത്തിന്റെ എല്ലാ നിറവിനോളവും നിറഞ്ഞു വരികയും ചെയ്‌വാനും അത്രേ ദൈവം ആഗ്രഹിക്കുന്നത്.

ഞാൻ തുടരട്ടെ; ദൈവം രണ്ടു കാര്യങ്ങൾ നമുക്കായി ചെയ്യുവാൻ ആഗ്രഹിക്കുന്നു,
1. ദൈവം തൻറെ അളവറ്റ ശക്തിയാൽ നമ്മെ ശക്തീകരിക്കുന്നു.
2. വിശ്വാസത്താൽ ക്രിസ്തുവിനെ നമ്മുടെ ഹൃദയത്തിൽ വസിക്കുമാറാ ക്കുന്നു.

നാം രണ്ടു കാര്യങ്ങൾ വിശ്വാസത്താൽ ചെയ്യേണ്ടതുണ്ട്,
1. നാം ക്രിസ്തുവിൻറെ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവർ ആയിരിക്കണം.
2 ഇത് നമുക്ക് എല്ലാ വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും കഴിയണം.

ഈ ഉപദേശത്താൽ സങ്കീർത്തനങ്ങൾ 48 പ്രകാരം, എഫെസ്യർ 3:16-19 വചനങ്ങളുമായി ചേർത്ത് പഠിക്കുമ്പോൾ നമ്മുടെ പുതിയ മനുഷ്യനും, ദൈവവും, വിശ്വസിക്കുന്ന, നമുക്കായി പ്രവർത്തിക്കും എന്ന വിശ്വാസത്തിൽ നാം ശക്തരായിത്തീരും.

നാം ഇങ്ങനെ പ്രാർത്ഥിക്കന്നത് അനുഗ്രഹമാകും,
*'കർത്താവേ, നിന്റെ മഹത്വത്തിൻ ധത്തിനൊത്തവണ്ണം എന്നിൽ ഉൾനട്ട മനുഷ്യനെ ശക്തീകരിക്കേണമേ. വിശ്വാസത്താൽ ക്രിസ്തു എന്നിൽ വസിക്കട്ടെ. ഞാൻ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെടട്ടെ. എല്ലാ വിശുദ്ധന്മാരോടും കൂടെ നിന്റെ സ്നേഹത്തിന്റെ അളവറ്റ വലിപ്പം ഗ്രഹിക്കാനും, നിന്റെ സീയോന്റെ മഹത്വം വരും തലമുറയോട് പറയുവാനും എനിക്ക് സാദ്ധ്യമായി തീരട്ടെ. '*

# വിശ്വാസ വീരന്മാർ : ഫ്ലോറൻസ് നൈറ്റിംഗേൽ

(മുൻ ലക്കത്തിൽ നിന്നും തുടർച്ച)

**ഇംഗ്ലണ്ടിലെ സാധുജനങ്ങൾക്കായുള്ള 'വർക്ക് ഹൗസ്' ആശുപത്രികൾ 1850**

ഇംഗ്ലണ്ടിൽ 1850 - ൽ രണ്ടുതരത്തിലുള്ള ആശുപത്രികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പണക്കാരുടെ ആവശ്യങ്ങൾക്കായി ഉപകരിച്ചിരുന്ന സ്വകാര്യ (പ്രൈവറ്റ്) ആശുപത്രികൾ. മറ്റൊന്ന്, പാവപ്പെട്ടവർക്കായുള്ള വർക്ക് ഹൗസ് ആശുപത്രികൾ. ഇപ്രകാരമുള്ള 2000 - ൽ പരം വർക്ക് ഹൗസ് ആശുപത്രികൾ ഇംഗ്ലണ്ടിൽ എല്ലായിടവും ഉണ്ടായിരുന്നു.

പാവപ്പെട്ടവർക്ക് വർക്ക് ഹൗസ് ആശുപത്രികൾ മാത്രമേ ആശ്രയിക്കുവാൻ കഴിയുമായിരുന്നുള്ളൂ, കാരണം ഇവിടെ മാത്രമേ അവർക്ക് സൗജന്യ ചികിത്സ ലഭ്യമായിരുന്നുള്ളൂ. ഏറ്റവും പാവപ്പെട്ടവരായ ആളുകൾ പോലും ഭയപ്പെടുന്നതുപോലെ അത്രയും ശോചനീയമായിരുന്നു ഈ ആശുപത്രികളുടെ അവസ്ഥ.

**നേഴ്സിംഗ് പരിശീലനത്തിനായുള്ള ഫ്ലോറൻസിന്റെ പ്രഥമ പദ്ധതി**

അല്പമകലെ അവളുടെ ഭവനത്തിന് വളരെ സമീപമായി സാലിസ്ബറി ആശുപത്രി സ്ഥിതി ചെയ്തിരുന്നു. നേഴ്സിങ് പഠിക്കുന്നതിനായി ഈ ആശുപത്രിയിൽ ചേരുവാൻ ഫ്ലോറൻസ് താൽപര്യപ്പെട്ടു. അതിന്റെ മേലധികാരിയായ ഡോ. ഫൗളർ അവൾക്ക് വളരെ അറിയാമായിരുന്ന വ്യക്തി ആയിരുന്നതിനാൽ അദ്ദേഹം അവളെ സഹായിക്കുമെന്നും പ്രതീക്ഷിച്ചു. എന്നിരുന്നാലും അവളുടെ മുൻപിൽ വലിയൊരു പ്രശ്നം ഉണ്ടായിരുന്നു, ഒരു ഉന്നത കുടുംബത്തിലെ പെൺകുട്ടിക്ക് നേഴ്സ് ആകണമെന്ന് മാതാപിതാക്കളോട് പറയുക എന്നത് അസാധ്യമായിരുന്നു.

ഒരുദിവസം ഡോക്ടർ ഫൗളറും അദ്ദേഹത്തിൻറെ പത്നിയും അവരുടെ ഭവനത്തിൽ വരുവാൻ ഇടയായി. സംഭാഷണമധ്യേ നേഴ് സിങ്ങിനെക്കുറിച്ചുള്ള വിഷയം സംസാരിച്ചു. സാലിസ്ബറി ആശുപത്രിയിൽ നേഴ്സിങ്ങിന് പരിശീലനം നേടാനുള്ള തൻറെ ആഗ്രഹം ഈ അവസരം ഉപയോഗിച്ച് ഫ്ലോറൻസ് പറയുകയുണ്ടായി. പെട്ടന്ന് തന്നെ വൈകാരികമായ ഒരു അന്തരീക്ഷം അവിടെയുണ്ടായി; കുടുംബത്തെ അപമാനിക്കരുത് അവളുടെ മാതാവ് ആക്രോശിച്ചു, അവളുടെ സഹോദരി നിയന്ത്രണമില്ലാതെ കരയുവാൻ തുടങ്ങി.

**ക്രിസ്തീയ സ്ഥാപനത്തിൽ കൂടെ പരിശീലനം നേടാം എന്ന മറ്റൊരു പദ്ധതി**

ഒരു ദേവാലയം നടത്തുന്ന ക്രിസ്തീയ സ്ഥാപനത്തിന്റെ ഒരു ആശുപത്രിയിൽ മാത്രമേ മാതാപിതാക്കളുടെ യാതൊരു എതിർപ്പും കൂടാതെ അവൾക്ക് പരിശീലനം നേടുവാൻ കഴിയുകയുള്ളൂവെന്ന് ഫ്ലോറൻസിനു പെട്ടെന്ന് മനസ്സിലായി. എന്നാൽ ഇംഗ്ലണ്ടിൽ അങ്ങനെ ഒരു സ്ഥാപനം ഉണ്ടായിരുന്നില്ല.

ജർമനിയിൽ കെയ്സർവേർത്ത് എന്ന സ്ഥലത്ത് പ്രൊട്ടസ്റ്റൻറ് സഭാശുശ്രൂഷകരായ സ്ത്രീകൾക്കുള്ള ഒരു സ്ഥാപനം ഉണ്ടായിരുന്നു. ഇത് സ്ത്രീകളെ നഴ്സിംഗിനും അദ്ധ്യാപനത്തിനും പരിശീലിപ്പിക്കുന്നതിനും, അവരെ ശുശ്രൂഷയ്ക്കായി നിയമിക്കുന്നതിനും മാത്രമായുള്ള ആദ്യത്തെ പ്രൊട്ടസ്റ്റൻറ് സ്ഥാപനമായിരുന്നു.

**നേഴ്സ് ആകുവാനുള്ള ഒരുക്കത്തോടെ അദ്ധ്യാപികയായി പ്രവർത്തിക്കുന്നു**

ലണ്ടണിൽ വാർമിനിസ്റ്റർ എന്ന സ്ഥലത്തു പാവപ്പെട്ട കുട്ടികൾക്കായുള്ള ഒരു ക്രൈസ്തവ വിദ്യാലയത്തിൽ ഒരു അദ്ധ്യാപികയായി അവൾ ജോലി ഏറ്റെടുത്തു. ഫീസ് കൊടുത്തു പഠിക്കുവാൻ യാതൊരു കഴിവുമില്ലാത്ത വളരെ സാധുക്കളായ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കണം എന്ന ഉദ്ദേശ്യത്തോടെ ചില ക്രിസ്തീയ സംഘടനകൾ സ്ഥാപിച്ചതായിരുന്നു ഇത്തരം വിദ്യാലയങ്ങൾ. നഴ്സിംഗ് കഴിഞ്ഞാൽ ഫ്ലോറൻസ് ഏറ്റവും താല്പര്യപ്പെട്ടിരുന്നത് ഒരു അദ്ധ്യാപികയായി പ്രവൃത്തിക്കുവാനാണ്. നഴ്സിങ്ങും, അദ്ധ്യാപനവും അതുല്യമായ ദൈവനിയോഗമായി അവൾ കരുതുകയും, ഈ രണ്ടു പ്രവർത്തനങ്ങളിൽ കൂടെയും ഒരു വ്യക്തി ദൈവവുമായി ഒരു കൂട്ടുപ്രവർത്തകനായി തീരുമെന്നു വിശ്വസിക്കുകയും ചെയ്തു. ഈ കാലയളവിൽ നഴ്സിങ്ങിനെയും ആശുപ്രതികളെയും കുറിച്ച് പരമാവധി വിവരങ്ങൾ ശേഖരിക്കുവാനും തുടങ്ങി. പ്രഭാതത്തിൽ നാലുമണിക്ക് ഉണർന്നു അവൾ പ്രസ്തുത ഗ്രന്ഥങ്ങൾ വായിക്കുകയും, കുറിപ്പുകൾ തയ്യാറാക്കുകയും പതിവായിരുന്നു.

**രണ്ടാമത്തെ ദൈവവിളി 1850**

വർഷങ്ങൾക്കുശേഷം ഫ്ലോറെൻസിന്റെ 30 - താം ജന്മദിനത്തിൽ തന്റെ ഡയറിയിൽ അവൾ ഇപ്രകാരം എഴുതി, "മനുഷ്യപ്രീതി കരുതാതെ ദൈവത്തിനായി, ദൈവത്തിനായി മാത്രം പ്രവർത്തിക്കാമോ എന്ന് ദൈവം പ്രഭാതത്തിൽ എന്നെ വിളിച്ചു ചോദിച്ചു. അരമണിക്കൂറോളം പ്രാർത്ഥിച്ചു

ദൈവവുമായി ഈ വിഷയം തീരുമാനിച്ചു. എല്ലാം തന്നെ ദൈവത്തിന്റേതായ വഴിയിലാകട്ടെ എന്ന് ഞാൻ ആഗ്രഹിച്ചു. എന്നോട് കാരണം പോലും പറയാതെതന്നെ എല്ലാം ദൈവഹിതപ്രകാരം തന്നെ ആയിരിക്കട്ടെ എന്നാണ് ഞാൻ ഇഷ്ടപ്പെടുന്നത്."

**വിവാഹം ഇല്ല, ദൈവഹിതം മാത്രം 1850**

"ഇന്ന് എനിക്ക് 30 വയസ്സ് " 1850 - ലെ ജന്മദിനത്തിൽ തന്റെ ഡയറിയിൽ അവൾ എഴുതി, "ക്രിസ്തു തന്റെ ദൗത്യം ആരംഭിച്ച പ്രായം; ഇനി ബാലിശവും വ്യർത്ഥവുമായ കാര്യങ്ങളില്ല, സ്നേഹപ്രകടങ്ങളില്ല, വിവാഹമില്ല; ഇപ്പോൾ കർത്താവേ, നിന്റെ ഹിതം മാത്രം ഞാൻ ചിന്തിക്കട്ടെ. "

*കടപ്പാട്: ഇറ്റേർണൽ ലൈറ്റ് ബയോഗ്രഫിസ്*

(തുടരും.....)

# പാചക കുറിപ്പുകൾ

## ആപ്പിൾ കേക്ക്

**സിസ്റ്റർ. ലീല ജോർജ്ജ്**

**ചേരുവകൾ**

1. മൈദ - 2 കപ്പ്
2. പഞ്ചസാര (വൈറ്റ് & ബ്രൗൺ) - 1½ കപ്പ്
3. കറുവാപ്പട്ട പൊടി - 2-3 ടീസ്പൂൺ
4. ജാതിക്ക പൊടി - ½ ടീസ്പൂൺ
5. ബേക്കിംഗ് സോഡാ - $1^1/_4$ ടീസ്പൂൺ
6. ഉപ്പ് - 1 ടീസ്പൂൺ
7. മുട്ട - 3
8. വെജിറ്റബിൾ ഓയിൽ - ½ കപ്പ്
9. വാനില എസൻസ് - 1 ടീസ്പൂൺ
10. ബട്ടർ(തണുപ്പു മാറിയത്) - 6 ടേബിൾ സ്പൂൺ
11. കശുവണ്ടി(നട്സ്) - 1 കപ്പ് (താല്പര്യമുണ്ടെങ്കിൽ)
12. ഉണക്കമുന്തിരിങ്ങ - ½ കപ്പ് (താല്പര്യമുണ്ടെങ്കിൽ)
13. തിളച്ച വെള്ളം - $^1/_3$കപ്പ്
14. ആപ്പിൾ - 3 (ഇടത്തരം വലിപ്പം)

**തയ്യാറാക്കുന്ന വിധം**

ഓവൻ $350^0$F ചൂടാക്കുക. ഒന്ന് മുതൽ ആറു വരെയുള്ള ചേരുവകൾ ചേർത്ത് ഇളക്കുക. അതിനുശേഷം ഏഴു മുതൽ പത്തു വരെയുള്ള ചേരുവകൾ ചേർത്ത് ഇളക്കുക. ഈ രണ്ടു മിശ്രിതങ്ങളും ഒന്നിച്ചുചേർത്ത് ഇളക്കുക. അതിലേക്കു കശുവണ്ടിയും ഉണക്കമുന്തിരിങ്ങയും ചേർക്കുക(താല്പര്യമുണ്ടെങ്കിൽ). ആപ്പിൾ ചെറിയ കഷ്ണങ്ങളായി മുറിച്ച് ഒരു പാത്രത്തിൽ വെക്കുക അതിലേക്ക് തിളച്ച വെള്ളം ഒഴിച്ച് ഒന്നു രണ്ട് മിനിറ്റ് വയ്ക്കുക, ഈ ആപ്പിൾ തയ്യാറാക്കിവച്ചിരിക്കുന്ന മിശ്രിതത്തിലേക്ക് ചേർക്കുക ബട്ടർ പുരട്ടി വെച്ചിരിക്കുന്ന പാനിലേക്ക് കേക്ക് മിശ്രിതം ഒഴിക്കുക. 45 മുതൽ 50 മിനിറ്റ് വരെ ഓവനിൽ ബേക്ക് ചെയ്യുക. ആപ്പിൾ കേക്ക് തയ്യാറായിട്ടുണ്ട്.

## Event Schedule

| |
|---|
| **Sunday Service**<br>10:30 AM - 12:30 PM : Worship Service<br>09:15 AM - 10:15 AM : Sunday School |
| **Special Worship(In Church):** Friday 7:00 PM - 9:00 PM<br>**Youth Meetings:** Every other Saturdays 5:00 PM - 7:00 PM<br>**Bible Study(In Homes):** Wednesday : 10:30 AM & 6:30 PM<br>**Cell Meetings:**<br>Northeast Philadelphia: Saturday & Sunday 6:30 PM - 8:30 PM<br>Friday 10:30AM - 12:30 PM : At the residence of Ps. Shiju Ninan |

# Cross Word Puzzle

**Bible Text : Mark 10:17-27(KJV)**
Steps
1. Fill in the missing words from the Bible and use KJV Bible version.
2. Solve the cross word puzzle using the filled in words.

**Fill in the Blanks:**
1. And he __________ and said unto him, Master, all these have I observed from my youth. (Mark 10:20)
2. Thou knowest the ________, Do not commit adultery, Do not kill, Do not steal, Do not bear false witness, Defraud not, Honour thy father and mother. (Mark 10:19)
3. And he was sad at that saying, and went away grieved: for he had great ___________. (Mark 10:22)
4. And __________said unto him, Why callest thou me good? there is none good but one, that is, God. (Mark 10:18)
5. And when he was gone forth into the way, there came one __________, and kneeled to him, and asked him, Good Master, what shall I do that I may inherit eternal life? (Mark 10:17)
6. And they were astonished out of measure, saying among themselves, Who then can be ___________? (Mark 10:26)
7. Then Jesus beholding him loved him, and said unto him, One thing thou lackest: go thy way, sell whatsoever thou hast, and give to the poor, and thou shalt have ________in heaven: and come, take up the cross, and follow me. (Mark 10:21)
8. And Jesus looked round about, and saith unto his ________, How hardly shall they that have riches enter into the kingdom of God! (Mark 10:23)
9. And Jesus looking upon them saith, With men it is impossible, but not with God: for with God all things are ________. (Mark 10:27)
10. It is easier for a camel to go through the eye of a needle, than for a rich man to enter into the ________of God. (Mark 10:25)




Created online at Gospel Hall dot Org




Therefore shall ye lay up these my words in your heart and in your soul, and bind them for a sign upon your hand, that they may be as frontlets between your eyes.

— Deuteronomy 11:18 KJV